"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2024-25- മലപ്പുറം ജില്ല — നിലമ്പൂർ നിയോജകമണ്ഡലത്തിലെ **"വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ മാമങ്കര ഗവ.എൽ.പി സ്കൂളിന് കെട്ടിട നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.690/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. 28/04/2021 ലെ സ.ഉ (സാ) നം 67/2021/Fin സർക്കാർ ഉത്തരവ്
2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 26/11/2025 ലെ LSGD/PD/40714/2024-DB3 നമ്പർ കത്ത്

**ഉത്തരവ്**

2024-2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 1633 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ നിലമ്പൂർ നിയോജകമണ്ഡലത്തിലെ **"വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ മാമങ്കര ഗവ.എൽ.പി സ്കൂളിന് കെട്ടിട നിർമ്മാണം"** എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നതിന് ടി പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ.1633 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ നിലമ്പൂർ നിയോജകമണ്ഡലത്തിലെ **"വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ മാമങ്കര ഗവ.എൽ.പി സ്കൂളിന് കെട്ടിട നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് ചുവടെ ചേർക്കുന്ന CTE -യുടെ റിമാർക്ക്സിന് വിധേയമായും, അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും പ്രസ്തുത പദ്ധതിക്ക് **100 ലക്ഷം രൂപയുടെ ( നൂറ് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

**റിമാർക്ക്സ്**

a) The Chief Engineer,LSGD shall ensure that the building provisions strictly conform to the actual functional requirements of the school building.

b) Before issuance of Technical Sanction, the competent authority shall ensure structural safety and foundation adequacy, based on soil investigation report, approved structural design and drawings.

c) The justification and correctness of Observed Data / Market Rates adopted in the estimate shall be thoroughly verified by the Technical Sanction authority.

d) The centage charges payable to the accredited agency shall be in accordance with GO(P) No. 67/2021/Fin dated 28.04.2021.

e) The work is proposed to be executed through HABITAT as non-PMC. So the TS Authority has to ensure that the rates are exclusive of Contractor's Profit.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, മാമങ്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (3162950/Dev-3/132/2025-Fin, തീയതി 6/3/2026, AS/LGD/25/49688)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പിആർ ഡി
8) കരുതൽ ഫയൽ(DB1/66/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 11-03-2026 16:34:22

സെക്ഷൻ ഓഫീസർ